# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.11.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ഡൽഹി സ്ഫോടന പശ്ചാത്തലത്തിൽ രാജ്യത്ത് സുരക്ഷ ശക്തം. അന്വേഷണം എൻഐഎ കൈമാറി. സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കനത്ത പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Security tightened across the country following the Delhi blast. Probe of the case handed over NIA. Prime Minister Narendra Modi issues strong warning to perpetrators behind Delhi blast.**

2. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിന്റെ ദ്വിരാഷ്ട്ര പര്യടനം പുരോഗമിക്കുന്നു. ബോട്സ്വാന പ്രസിഡന്റുമായി ഇന്ന് ഉഭയകക്ഷി ചർച്ച.

   **President Droupadi Murmu's two-nation tour is progressing. Bilateral talks with the President of Botswana are scheduled for today.**

3. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ റെക്കോർഡ് പോളിങ്. രണ്ട് ഘട്ടങ്ങളിലുമായി ശരാശരി പോളിങ് 66.91 ശതമാനം രേഖപ്പെടുത്തി.

   **Polling in Bihar Assembly elections has concluded with a historic highest ever voter turnout of 66.91 per cent.**

4. മഹാത്മാ ഗാന്ധി ആകാശവാണിയിൽ തത്സമയ പ്രക്ഷേപണം നടത്തിയതിന്റെ സ്മരണയിൽ ഇന്ന് ദേശീയ പൊതു സേവന പ്രക്ഷേപണ ദിനം.

   **Today is National Public Service Broadcasting Day, commemorating Mahatma Gandhi's live address on radio.**

5. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ പുറത്തിറക്കും.
**Notification for the local body elections in Kerala will be issued the day after tomorrow.**

6. **ISSF** ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ.
**India continues its medal streak at the ISSF World Shooting Championship.**

❁❁❁❁❁❁❁❁❁❁❁❁❁

## DELHI BLAST (INTRO)

ഡൽഹി സ്ഫോടനത്തെക്കുറിച്ചുള്ള അന്വേഷണം ആഭ്യന്തര മന്ത്രാലയം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി. ദുരന്തത്തിന് ഉത്തരവാദികളായ ഓരോരുത്തരെയും എത്രയും വേഗം കണ്ടെത്താൻ അന്വേഷണ ഏജൻസികൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിർദേശം നൽകി.

വിശദാംശങ്ങളിലേക്ക്.....

*(വോയിസ്)*

*തിങ്കളാഴ്ച ഡൽഹി ചുവപ്പ് കോട്ടയ്ക്ക് സമീപം നടന്ന കാർ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ സ്ഥിതിഗതികൾ വിലയിരുത്താൻ ഇന്നലെ കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല സുരക്ഷാ അവലോകന യോഗങ്ങൾ ചേർന്നു. സംഭവത്തിൽ യുഎപിഎ, സ്ഫോടകവസ്തു നിയമം, ഭാരതീയ ന്യായ സംഹിത എന്നിവയുടെ വിവിധ വകുപ്പുകൾ പ്രകാരം ഡൽഹി പോലീസ് കേസെടുത്തിട്ടുണ്ട്. രാജ്യത്തെ സുപ്രധാന മേഖലകളിൽ ഉൾപ്പെടെ സുരക്ഷ ശക്തമാക്കിയിരിക്കുകയാണ്. സുരക്ഷാ കാരണങ്ങളാൽ ലാൽ ഖില മെട്രോ സ്റ്റേഷൻ അടച്ചിടുമെന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു. മറ്റു സ്റ്റേഷനുകൾ സാധാരണപോലെ പ്രവർത്തിക്കും. ചുവപ്പ്*

*കോട്ടയിലും നാളെ വരെ സന്ദർശകരെ അനുവദിക്കില്ല. അതിനിടെ, സുരക്ഷാ ഏജൻസികൾ ഡൽഹിയിലും പുൽവാമയിലും നടത്തിയ റെയ്ഡുകളിൽ വലിയ തോതിൽ സ്ഫോടകവസ്തുക്കൾ കണ്ടെടുത്തു. ഹരിയാനയിലെ ഫരീദാബാദിൽ ഈ മാസം 9, 10 തീയതികളിൽ നടത്തിയ റെയ്ഡുകളിൽ ഏകദേശം മൂവായിരം കിലോഗ്രാം സ്ഫോടകവസ്തുക്കളും ഡിറ്റണേറ്ററുകളും ഉൾപ്പടെ പിടികൂടിയിരുന്നു.*

***ന്യൂസ്ഡെസ്ക് ആകാശവാണി........***

*******************************

## PM

ഡൽഹി സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കനത്ത പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹി സ്ഫോടനത്തിൽ ഇന്ത്യക്ക് ഒപ്പമെന്ന ഭൂട്ടാന്റെ നിലപാടിനും അപകടത്തിനിരയായവർക്കായി പ്രാർത്ഥന നടത്തിയതിനും ഭൂട്ടാൻ സർക്കാരിന് ശ്രീ മോദി നന്ദി അറിയിച്ചു. ഡൽഹി കാർ സ്ഫോടനത്തിന് ഉത്തരവാദികളായവരെ യാതൊരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

*******************************

## AIRPORT-PASSENGER ADVISORY

ദേശീയ തലസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത്, ഡൽഹി വിമാനത്താവളത്തിൽ ഉൾപ്പടെ സുരക്ഷാ പരിശോധന വർധിപ്പിച്ചു. യാത്രകൾ അതിനനുസരിച്ച് ക്രമീകരിക്കണമെന്നും വിമാനത്താവളത്തിൽ നേരത്തെ എത്തിച്ചേരണമെന്നും വിമാനത്താവള അധികൃതർ പറഞ്ഞു.

സുരക്ഷാ പരിശോധനകൾ, ചെക്ക്-ഇൻ നടപടിക്രമങ്ങൾ എന്നിവയ്ക്ക് അധിക സമയം വേണ്ടി വരുന്നതിനാൽ യാത്രക്കാർ സഹകരിക്കണമെന്ന് വിമാനക്കമ്പനികളും അഭ്യർത്ഥിച്ചു.

*******************************

## MORN. BIHAR - ASSEMBLY ELECTION

ഇന്നലെ നടന്ന ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ റെക്കോർഡ് പോളിങ്. രണ്ട് ഘട്ടങ്ങളിലുമായി ശരാശരി പോളിങ് 66.91 ശതമാനം രേഖപ്പെടുത്തി. ബിഹാറിന്റെ തിരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന പോളിങ്ങാണ് ഇത്. 243 നിയമസഭാ മണ്ഡലങ്ങളിൽ ഈ മാസം ആറ്, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായി ആയിരുന്നു ബിഹാറിൽ തിരഞ്ഞെടുപ്പ് നടന്നത്. ആദ്യഘട്ട വോട്ടെടുപ്പിൽ 65.08 ശതമാനമായിരുന്നു പോളിംഗ്. ഇരുഘട്ടങ്ങളിലേക്കുമുള്ള വോട്ടെണ്ണൽ വെള്ളിയാഴ്ച നടക്കും.

*******************************

## BYELECTION

ഏഴ് സംസ്ഥാനങ്ങളിലായി എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പും ഇന്നലെ നടന്നു. ജമ്മു കാശ്മീരിൽ രണ്ടും ഝാർഖണ്ഡ്, മിസോറാം, ഒഡീഷ,പഞ്ചാബ്, രാജസ്ഥാൻ, തെലങ്കാന സംസ്ഥാനങ്ങളിലെ ഓരോ സീറ്റിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. നവംബർ 14 നാണ് വോട്ടെണ്ണൽ.

*******************************

## PRESIDENT-BOTSWANA

രാഷ്ട്രപതി ദ്രൗപദി മുർമ്മു ബോട്സ്വാന പ്രസിഡന്റ് ദുമ ബോക്കോയുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.

നിക്ഷേപം, സാങ്കേതിക വിദ്യ, ഊർജം, കൃഷി, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, പ്രതിരോധം ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തും. ബോട്സ്വാന പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി ഇന്ത്യൻ സമൂഹവുമായും സംവദിക്കും. അംഗോള സന്ദർശനം പൂർത്തിയാക്കി ഇന്നലെ ബോട്സ്വാനയിലെത്തിയ രാഷ്ട്രപതിക്ക് ഊഷ്മള വരവേൽപാണ് ലഭിച്ചത്.

*******************************

## JAISHANKAR-CANADA G7

കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്ന് കാനഡയിലെ ഒൻറാറിയോ സന്ദർശിക്കും. ജി7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കുന്നതിന് കാനഡയുടെ വിദേശകാര്യ മന്ത്രി അനിത ആനന്ദിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. നിരവധി ഉഭയകക്ഷി ചർച്ചകളിലും ശ്രീ ജയശങ്കർ പങ്കെടുക്കും.

*******************************

## BROADCASTING DAY

ഇന്ന് ദേശീയ പൊതു സേവന പ്രക്ഷേപണ ദിനം. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ആകാശവാണിയിൽ തത്സമയ പ്രക്ഷേപണം നടത്തിയതിന്റെ സ്മരണയ്ക്കായാണ് ദിനാചരണം. 1947 നവംബർ 12നാണ്, കുരുക്ഷേത്ര ക്യാമ്പിൽ കഴിഞ്ഞിരുന്ന പാകിസ്ഥാനിൽ നിന്നുള്ള 2 ലക്ഷത്തിലധികം അഭയാർത്ഥികളെ ഗാന്ധിജി അഭിസംബോധന ചെയ്തത്. 2001ലാണ് നവംബർ 12 ദേശീയ പൊതു സേവന പ്രക്ഷേപണ ദിനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

*******************************

## PM BHUTAN VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭൂട്ടാൻ സന്ദർശനം തുടരുന്നു. ഇന്നലെ തിമ്പുവിൽ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. താഷിചോഡ്സോങ്ങിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ശ്രീബുദ്ധന്റെ ഇന്ത്യയിൽ നിന്നുള്ള തിരുശേഷിപ്പുകൾക്ക് മുന്നിൽ ശ്രീ മോദി പ്രാർത്ഥിച്ചു. ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള ഊർജ്ജ പങ്കാളിത്തത്തിലെ നാഴികക്കല്ലായ 1020 മെഗാവാട്ട് ജലവൈദ്യുത പദ്ധതി ഇരു നേതാക്കളും സംയുക്തമായി ഉദ്ഘാടനം ചെയ്തു. പുനരുപയോഗ ഊർജ്ജം, മാനസികാരോഗ്യ സേവനങ്ങൾ, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിലെ മൂന്ന് ധാരണാപത്രങ്ങളും കൈമാറി. ഭൂട്ടാൻ രാജാവ് ആതിഥേയത്വം വഹിച്ച അത്താഴ വിരുന്നിലും പ്രധാനമന്ത്രി പങ്കെടുത്തു. ഭൂട്ടാന്റെ ഊർജ്ജ സംരംഭങ്ങൾക്ക് നാലായിരം കോടി രൂപയുടെ വായ്പാ പദ്ധതിയും ഇന്ത്യ പ്രഖ്യാപിച്ചു. ഊർജ്ജ മേഖലയിലും കണക്റ്റിവിറ്റിയിലും ഇന്ത്യ-ഭൂട്ടാൻ സഹകരണം കൂടുതൽ ശക്തമായതായി പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്....)

*******************************

## SIR - CEO

തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി കേരളത്തിൽ ഇന്നലെ വരെ ഒരു കോടി 15 ലക്ഷത്തി 83,226 എന്യൂമെറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. തദ്ദേശ തിരഞ്ഞെടുപ്പ് SIR നെ ബാധിക്കില്ലെന്നും വോട്ടർമാർ ഓൺലൈൻ സംവിധാനം ഫലപ്രദമായി വിനിയോഗിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

*******************************

## KERALA - LSGE

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. പത്രികകളുടെ സൂക്ഷ്മ പരിശോധന നവംബർ 22 ന് നടക്കും. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ.

*******************************

## MANNARASALA AYILYAM

പ്രശസ്തമായ മണ്ണാറശാല ആയില്യം ഇന്ന്. ആയില്യ മഹോത്സവം പ്രമാണിച്ച് ഇന്ന് ആലപ്പുഴ ജില്ലയിൽ പ്രാദേശിക അവധി നൽകിയിട്ടുണ്ട്. കെ എസ് ആർ ടി സി പ്രത്യേക സർവീസുകളും സജ്ജമാക്കി.

*******************************

## ISSF WORLD CHAMPIONSHIP

കെയ്റോയിൽ നടക്കുന്ന ISSF ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ മെഡൽ കുതിപ്പ് തുടരുന്നു. സാമ്രാട്ട് റാണ-ഇഷ സിങ് സഖ്യം 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീമിലും, ഐശ്വര്യ പ്രതാപ് സിങ് തോമർ പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻ ഷൂട്ടിംഗ് ഇനത്തിലും വെള്ളി നേടി. ഇതോടെ ഇന്ത്യ മൂന്ന് സ്വർണ്ണം, അഞ്ച് വെള്ളി, മൂന്ന് വെങ്കലം ഉൾപ്പെടെ 11 മെഡലുകൾ സ്വന്തമാക്കി. ചൈന 14 മെഡലുകളാണ് നേടിയത്.

*******************************

## WOMENS T20 WORLD CUP

കാഴ്ച പരിമിതർക്കുള്ള ആദ്യ വനിതാ ടി-20 ലോകകപ്പിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ 10 വിക്കറ്റിന് പരാജയപ്പെടുത്തി. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 13.3 ഓവറിൽ 41 റൺസിന് പുറത്തായി. മറുപടി ബാറ്റിംഗിൽ ഇന്ത്യ വിക്കറ്റ് നഷ്ടമില്ലാതെ മൂന്ന് ഓവറിൽ വിജയലക്ഷ്യം മറികടന്നു. ഇന്ത്യയ്ക്കു പുറമേ ശ്രീലങ്ക, അമേരിക്ക, നേപ്പാൾ, ഓസ്ട്രേലിയ, പാകിസ്ഥാൻ ടീമുകളാണ് മത്സരിക്കുന്നത്.

********************************

## VANDE MATARAM RAAG

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ഔഡവ-സമ്പൂർണ രാഗമായ ദേശ് ഉപയോഗിച്ചാണ് വന്ദേമാതരം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇതിഹാസ സംഗീതജ്ഞൻ പണ്ഡിറ്റ് ഭീംസെൻ ജോഷി ദേശ് രാഗത്തിൽ വന്ദേമാതരം ആലപിക്കുമ്പോൾ തലമുറകളിലേക്കാണ് ദേശസ്നേഹത്തിന്റെ കരുത്ത് കൈമാറപ്പെട്ടത്.

********************************

## CHHATTISGARH- MAOISTS

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ ഇന്ന് സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ആറ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. പ്രദേശത്ത് മാവോയിസ്റ്റുകൾ ഉണ്ടെന്ന രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. പ്രദേശത്ത് നിന്ന് ആയുധങ്ങളും സ്ഫോടക വസ്തുക്കളും പിടിച്ചെടുത്തു.

********************************

## NATIONAL WATER AWARDS

ആറാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിക്കും. ഈ മാസം 18 ന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പത്ത് വിഭാഗങ്ങളിലായാണ് പുരസ്കാരങ്ങൾ നൽകുന്നത്.

*******************************

## MORN. INDIA-SL SIGN MoU

ഇന്ത്യയുടെ സഹായത്തോടെ ശ്രീലങ്കയിൽ നടപ്പാക്കുന്ന വികസന പ്രവർത്തന പദ്ധതികൾ അഞ്ച് വർഷത്തേക്ക് കൂടി നീട്ടാൻ ഇന്ത്യയും ശ്രീലങ്കയും തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട ധാരണാപത്രത്തിൽ ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝായും ശ്രീലങ്കൻ ധനകാര്യ, ആസൂത്രണ, സാമ്പത്തിക വികസന മന്ത്രാലയം സെക്രട്ടറി ഹർഷണ സൂര്യപ്പെരുമയും കൊളംബോയിൽ ഒപ്പുവച്ചു.

*

************

*************************************************